(4) നീതി മെഡിക്കൽ സ്റ്റോറുകളിൽ ഏഴ് വർഷത്തിലധികമായി ജോലി നോക്കുന്നവരെ സ്ഥിരപ്പെടുത്തൽ

ശ്രീ. കോവൂർ കുഞ്ഞുമോൻ : സംസ്ഥാന കൺസ്യൂമർ ഫെഡിന്റെയും സഹകരണ സംഘങ്ങളുടെയും നേതൃത്വത്തിൽ നടത്തിവരുന്ന നീതി മെഡിക്കൽ സ്റ്റോറുകളിൽ ഏഴ് വർഷത്തിലധികമായി പണിയെടുക്കുന്ന 100 കണക്കിന് ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനും നിലവിലുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഗവണ്മെന്റിന്റെ സത്വരശ്രദ്ധയുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇപ്പോഴുള്ള ആനുകൂല്യങ്ങൾ, ഫാർമസിസ്റ്റിന് പ്രതിമാസം മൂവായിരം രൂപ, സെയിൽസ്മാന് പ്രതിമാസം രണ്ടായിരം രൂപ എന്ന കണക്കിലാണ് ലഭിച്ചു കൊണ്ടിരിക്കുന്നത്. നിലവിലുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അവരെ സ്ഥിരപ്പെടുത്തുന്നതിനുമുള്ള നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) : സർ, സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷനിൽ മസ്ദൂർ, ഹെൽപ്പർ, ഗോഡൗൺ അസിസ്റ്റന്റ്, ഗോഡൗൺ കീപ്പർ തുടങ്ങിയ തസ്തികകളിൽ കമാർ അടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും കുറഞ്ഞത് ആറ് മാസമെങ്കിലും സേവന ദൈർഘ്യമുള്ള താൽക്കാലിക ജീവനക്കാരെയും വായ്പാ സഹകരണ സ്ഥാപനങ്ങളിൽ നിക്ഷേപപിരിവ് നടത്തുന്നവരേയും നിലവിൽ ആറ് മാസത്തിൽ കുറയാത്ത സേവന ദൈർഘ്യമുള്ള ജീവനക്കാരെയും അതേ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശം ഉൾപ്പെടുത്തിക്കൊണ്ട് രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് നിയമനം നടക്കുന്നുണ്ട്. നീതി മെഡിക്കൽ സ്റ്റോറുകളെ സംബന്ധിച്ച് ഹൈക്കോടതിയിൽ പെറ്റീഷനുള്ളതുകൊണ്ട് അത് തീരുന്നതുവരെ അവരുടെ നിയമനം നിർത്തിവച്ചിരിക്കുന്നു. ബാക്കി ഉള്ളവർക്കെല്ലാം നിയമനം കൊടുക്കാൻ പറഞ്ഞു.

(5) കാട്ടാക്കട കേന്ദ്രമാക്കി പുതിയ താലൂക്ക് രൂപീകരിക്കണമെന്ന ആവശ്യം

ശ്രീ. ജി. കാർത്തികേയൻ : സർ, നീണ്ട വർഷങ്ങളായി ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ മുമ്പിൽ സമർപ്പിക്കുന്ന ഒരു അഭ്യർത്ഥനയാണ് എന്റെ പ്രദേശമായ കാട്ടാക്കട കേന്ദ്രമാക്കി ഒരു താലൂക്ക് രൂപീകരിക്കണമെന്ന ആവശ്യം. കഴിഞ്ഞ ദിവസം ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ചതിന് മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് സഭയും ഞാനും കേട്ടു. ഒരുപാട് ആവശ്യങ്ങൾ വരുന്നുണ്ട്. അവ ഒരു ബണ്ടിൽ അഴിക്കുന്നതുപോലെ ആകുന്നതുകൊണ്ട് ബുദ്ധിമുട്ടാണെന്ന് പറഞ്ഞു. ഗവണ്മെന്റിന് പ്രവർത്തിക്കാൻ സൗകര്യമുണ്ട്. ആളുകളുടെ ആവശ്യം, ഭൂമിശാസ്ത്രപരമായ കാര്യങ്ങളും ഉണ്ട്. ജനസംഖ്യാനുപാതികമായി എടുക്കേണ്ട ഒരു തീരുമാനമാണിത്. ഒരുപാട് ഭാഗത്തുനിന്നും നിർദ്ദേശങ്ങളും ആവശ്യങ്ങളും വരുമ്പോൾ തീരുമാനം എടുക്കാൻ ഗവണ്മെന്റിന് സാദ്ധ്യമല്ല എന്നുള്ള നിലപാട് ശരിയല്ല. ആവശ്യമനുസരിച്ച് എം.എൽ.എ. ഡിമാന്റ് ചെയ്താൽ കൊടുക്കണമെന്നില്ല. വെള്ളാടി കമ്മീഷന്റെ കാലം മുതൽ ആ പ്രദേശത്തെ ജനങ്ങളുടെ അഭിലാഷമാണ്

LIBRARY ARCHIVES Kerala Legislative Assembly

കാട്ടാക്കട കേന്ദ്രമാക്കി മലയോര താലൂക്ക് ഉണ്ടാകണമെന്നുള്ളത്. കാലാകാലങ്ങളിൽ വന്നുപോകുന്ന എം.എൽ.എ.-മാർ നിയമസഭയിൽ അവതരിപ്പിക്കേണ്ട ഒരു വിഷയമല്ല. തിരുവനന്തപുരം ജില്ലയുടെ കിഴക്കൻ മേഖല, അവികസിത പ്രദേശങ്ങൾ, മലയോര കേന്ദ്രങ്ങൾ, വ്യവസായ വാണിജ്യപരമായും ആളുകളുടെ ജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങളുമായി ഇഴചേർന്നു കിടക്കുന്ന ഒരു കാര്യമാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് അത് നന്നായിട്ടറിയാം. നിർബ്ബന്ധമായും അനുവദിക്കേണ്ട പുതിയ താലൂക്ക് കാട്ടാക്കടയാണെന്നുള്ളത് പരസ്യമായ കാര്യം തന്നെയാണ്. അതുകൊണ്ടു തന്നെ ഇനിഷ്യേറ്റീവ് എടുക്കേണ്ടതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചാർജ് വഹിക്കുന്ന ഈ ജില്ലക്കാരനായ ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് കാട്ടാക്കട കേന്ദ്രമാക്കി, ആ പ്രദേശത്തെ ജനങ്ങളുടെ ജീവിതാഭിലാഷം എന്ന നിലയിൽ ഒരു പുതിയ താലൂക്ക് രൂപീകരിക്കണം എന്നാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, പണ്ടാറയുടെ ബോക്സ് ഓപ്പൺ ചെയ്യുമെന്ന് പറയുന്നതിൽ ഞാൻ ഉറച്ചുനിൽക്കുകയാണ്. അതുകൊണ്ട് ഓപ്പൺ ചെയ്യുമെന്ന് കരുതി അർഹതയുള്ള സ്ഥലങ്ങൾ വിസ്മരിക്കുമെന്നോ അവഗണിക്കുമെന്നോ അർത്ഥമില്ല. കേരളത്തിൽ താലൂക്കുകൾ ഉണ്ടാകുന്നു എങ്കിൽ, കാട്ടാക്കട പോലെ വളരെ പ്രധാനപ്പെട്ട, ജനസംഖ്യയുടെ കാര്യത്തിലും വിസ്തൃതിയുടെ കാര്യത്തിലും കാട്ടാക്കടയെ സംബന്ധിച്ചിടത്തോളം അവർക്ക് അർഹതയുണ്ട് എന്നുള്ളതാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. നിയമപരമോ സാങ്കേതികമോ ആയ റിപ്പോർട്ട് വന്നിട്ടില്ല. റിപ്പോർട്ട് വന്നുകഴിഞ്ഞശേഷം വളരെ നീതിയുക്തമായി ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റ് തീരുമാനം എടുക്കുന്നതാണ്.

(6) മൂവാറ്റുപുഴ മണ്ഡലത്തിലെ അരീക്കാട്ടേൽ ജിൻസ് ജോണിനെ ഉപദ്രവിച്ചവരുടെ പേരിൽ നടപടി സ്വീകരിക്കണമെന്ന ആവശ്യം

ശ്രീ. ജോണി നെല്ലൂർ: സർ, മൂവാറ്റുപുഴ നിയോജക മണ്ഡലത്തിലെ ഇലഞ്ഞി പഞ്ചായത്ത് മെമ്പറും കേരളാ കോൺഗ്രസ്സ് പാർട്ടിയുടെ നിയോജകമണ്ഡലം പ്രസിഡന്റും മുത്തോലപ്പുറം സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റുമായ ശ്രീ. ജോണി അരീക്കാട്ടേലിന്റെ മകൻ ജിൻസ് ജോൺ എന്ന ചെറുപ്പക്കാരനെ 28-1-2006-ന് രാവിലെ 8-00 മണിക്ക് പി.ഡബ്ല്യു.ഡി. റോഡിൽവച്ച് അദ്ദേഹം യാത്ര ചെയ്തിരുന്ന മാരുതി ആൾട്ടോ കാർ തടഞ്ഞുനിർത്തി മാരുതി ഓമ്നി വാനിൽ വന്ന ആറംഗ സംഘം ഒരു വാഹനത്തിൽ പിടിച്ചുകയറ്റിക്കൊണ്ടുപോയി വാഹനത്തിൽ ഇട്ട് ക്രൂരമായി മർദ്ദിക്കുകയും വധിക്കുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തശേഷം ഏതാനും കിലോമീറ്റർ വാഹനത്തിൽത്തന്നെ കൊണ്ടുപോയി വഴിയിൽ തള്ളിയിട്ട് ഉപേക്ഷിച്ചുപോയി. ഈ സംഭവമുണ്ടായി 19 ദിവസം കഴിഞ്ഞിട്ടും വാഹനം കണ്ടെത്തുവാനോ കുറ്റവാളികളായ ആറംഗ സംഘത്തെ കണ്ടുപിടിക്കാനോ പോലീസിന് കഴിഞ്ഞിട്ടില്ല. നാട്ടിൽ സർവ്വകക്ഷി യോഗം ഉൾപ്പെടെയുള്ള കാര്യങ്ങൾ നടന്നു. നിരന്തരമായ അന്വേഷണം നടത്തുന്നുണ്ടെന്ന് പോലീസ് പറയുന്നുണ്ടെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly